പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1932 — 16.06.2014-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗെയിംസ് നടത്തിപ്പിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് അറിയിക്കുമോ ; | (എ) 16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനഃരുദ്ധാരണവും, 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 7 താൽകാലിക നിർമ്മിതികളുമാണ് ദേശീയ ഗെയിംസിനായി സജ്ജമാകുന്നത്. ഇതിൽ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും അവസാനഘട്ടത്തിലാണ്. കാര്യവട്ടത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്റ്റേഡിയം ആന്വിറ്റി അടിസ്ഥാനത്തിൽ പുതിയതായി നിർമ്മിക്കുന്നുണ്ട്. ഉദ്ഘാടന/സമാപന ചടങ്ങുകൾ ഇവിടെയാണ് നടക്കുന്നത്.<br>ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരത്ത് മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗെയിംസ് വില്ലേജിന്റെ പണി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഗെയിംസ് വില്ലേജിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം 70% പൂർത്തിയായിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിനായി ബഹു: മുഖ്യമന്ത്രി ചെയർമാനായി നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും, 27 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ബഹു: മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ/പ്രാദേശിക കമ്മിറ്റികളും, ഇതിനുപുറമെ പ്രത്യേക ചുമതലകൾ നൽകികൊണ്ട് 22 സംസ്ഥാനതല സബ് കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഗെയിംസ് നടത്തിപ്പിനായി ഏതെല്ലാം പുതിയ നിർമ്മാണ പ്രവൃത്തികളാണ് നടത്തിയതെന്നും അതിന് എത്ര തുക ചെലവായെന്നും വിശദമാക്കുമോ ; | (ബി) താഴെപ്പറയുന്ന 9 പുതിയ സ്റ്റേഡിയങ്ങളും കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസത്തിനായി പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ച് മേനംകുളത്ത് ഗെയിംസ് വില്ലേജുമാണ് പുതിയതായി നിർമ്മിക്കുന്നത്. |

1. ഇൻഡോർ സ്റ്റേഡിയം,
   മുണ്ടയാട്, കണ്ണൂർ
2. ഫുട്ബോൾ സ്റ്റേഡിയം,
   മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട്
3. ലോൺ ബൗൾ കോർട്ട്,
   കൊച്ചി, എറണാകുളം
4. സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ
   സ്റ്റേഡിയം, പാളയം, തിരുവനന്തപുരം
5. ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്,
   തിരുവനന്തപുരം
6. ന്യൂ ഹോക്കി സ്റ്റേഡിയം,
   കൊല്ലം
7. ടെന്നീസ് കോംപ്ലക്സ്, കുമാരപുരം,
   തിരുവനന്തപുരം
8. ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ്
   റേഞ്ച്, പോലീസ്
   അക്കാഡമി തൃശ്ശൂർ
9. ഗ്രീൻഫീൽഡ് സ്റ്റേഡിയം,
   കാര്യവട്ടം

മേൽപറഞ്ഞ സ്റ്റേഡിയങ്ങളിൽ കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം 161 കോടി രൂപ മുതൽ മുടക്കിൽ ആന്വറ്റി അടിസ്ഥാനത്തിലാണ് നിർമ്മിക്കുന്നത്. ബാക്കിയുള്ള 8 സ്റ്റേഡിയങ്ങൾ,ഗെയിംസ് വില്ലേജ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 31-05-2014 വരെ 65,92,88,999/- രൂപ ചെലവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ദേശീയ ഗെയിംസ് നടത്തിപ്പിന്റെ എത്ര ശതമാനം പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ ? | (സി) | വേദികളാകുന്ന 9 പുതിയ സ്റ്റേഡിയങ്ങളുടെയും 16 നവീകരണ പ്രവൃത്തികളുടെയും 80% നിർമ്മാണം നാളിതുവരെ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ